പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1500** **16.03. 2015-** ലെ മറുപടി

# പ്രവാസി ക്ഷേമനിധി ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) പ്രവാസി കേരളീയരുടെ ക്ഷേമത്തിനും, അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിലവിൽ ഉണ്ട്. പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്ന പ്രവാസികൾക്ക് താഴെപറയുന്ന ക്ഷേമപദ്ധതികളാണ് പ്രധാനമായും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.<br><br>1. അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംഗത്വമെടുത്ത് തുടർച്ചയായി അംശദായം അടച്ചിട്ടുള്ള 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ.<br><br>2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള അംഗം മരണമടഞ്ഞാൽ ആശ്രിതർക്ക് കുടുംബ പെൻഷൻ.<br><br>3. ക്ഷേമനിധി അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ അവശതാ പെൻഷൻ.<br><br>4. അപകടം, രോഗം എന്നിവ മൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക മരണാനന്തര സാമ്പത്തിക സഹായം.<br><br>5.അംഗങ്ങളുടെ ഗുരുതരമായ രോഗചികിത്സയ്ക്ക് പദ്ധതി അനുശാസിക്കുന്ന ധനസഹായം. |

| | |
|---|---|
| | 6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.<br><br>7. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം.<br><br>8. പ്രായപരിധി മൂലം അംഗത്വമെടുക്കാൻ കഴിയാത്ത പ്രവാസികൾക്ക് പ്രത്യേക ആശ്വാസ നിധി രൂപീകരണം. |
| (ബി) ക്ഷേമനിധി ബോർഡിലെ ഇതുവരെയുള്ള അംഗസംഖ്യ എത്രയെന്നറിയിക്കാമോ; | ബി) 2015 ജനുവരി മാസം വരെയുള്ള കണക്കനുസരിച്ച് കേരള പ്രവാസി കേരളീയ ക്ഷേമനിധിയിലെ അംഗസംഖ്യ 1,25,671 ആണ്. |
| (സി)ക്ഷേമനിധി ബോർഡിന്റെ ആസ്തി സംബന്ധിച്ച വിശദാംശം നല്കാമോ; | സി) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ നിലവിലുള്ള ആസ്തി വിവിധ ബാങ്കുകളിൽ സ്ഥിര നിക്ഷേപമായി നിക്ഷേപിച്ചിട്ടുള്ള തുകയായ 61,98,95,095/- രൂപ ആണ്. |
| (ഡി)അംഗങ്ങൾക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (ഡി) 2015 ജനുവരി മാസം വരെ അർഹരായ 361 പേർക്കായി 8,32,500/- രൂപ പെൻഷൻ ഇനത്തിലും മരണാനന്തര ധനസഹായമായി 270 പേർക്ക് 75,95,998/- രൂപയും ചികിത്സാധനസഹായ ഇനത്തിൽ 159 പേർക്ക് 22,20,274/- രൂപയും വിവാഹ ധനസഹായമായി 129 പേർക്ക് 6,45,000/- രൂപയും പ്രസവാനുകൂല്യമായി 4 പേർക്ക് 12,000/- രൂപയും ബോർഡ് അനുവദിച്ചിട്ടുണ്ട്. |
| (ഇ)പ്രവാസികൾക്ക് പ്രായപരിധി നോക്കാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടി നിലവിലെ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (ഇ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ